1588

RTI-3. 67 (6) 68

D:\ajith\2022\december\K DISC.RTF - Page : 1 - 24-12-2022 12:09:30

10 रु. COURT FEE Rs.10 भारत INDIA दस रुपये TEN RUPEES

വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ

RTI received on 24.12.22

അപേക്ഷകൻ

ബി.അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം ഫോൺ 9961408999

സ്വീകർത്താവ്

അസി. ഇൻഫർമേഷൻ ഓഫീസർ
കെ ഡിസ്ക്
ഇന്ത്യാ ഹൈറ്റസ് ബിൽഡിംഗ്
വഴുതക്കാട്
തിരുവനന്തപുരം

വിവരാവകാശ നിയമപ്രകാരം താഴെ പ്രതിപാദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് താത്പര്യപ്പെടുന്നു

1.BITRIX എന്ന സോഫ്റ്റ്‌വേർ ഇടപാടിൽ എത്രരൂപ ചെലവിട്ടു. എത്രരൂപ നൽകി ഇനി എത്ര നൽകാനുണ്ട്.

2.BITRIX എന്ന സോഫ്റ്റ്‌വേർ ആരുടെ നിർദേശപ്രകാരമാണ് വാങ്ങിയത്. വാങ്ങിയതുകൊണ്ടുള്ള നേട്ടമെന്ത്, എന്തിനുവേണ്ടി ഉപയോഗിക്കുന്നു?. നിലവിലെ സ്ഥിതിയെന്ത്

3. മെന്റർ മെന്റീ പ്ലാറ്റ്ഫോമിനായി ഐ.സി.ടി അക്കാദമിക്ക് എത്രരൂപ ഇതുവരെ നൽകി ഇനി എത്ര നൽകാനുണ്ട്

4. ഈ പ്ലാറ്റ്ഫോംവഴി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം

5. ഈ രണ്ട് സോഫ്റ്റ്‌വേറും വാങ്ങുന്നതിന് അല്ലെങ്കിൽ ഡെവലപ് ചെയ്യുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടിക്രമങ്ങൾ എന്തെല്ലാം

6. ഐ.സി.ടി അക്കാദമി ഓഫ് കേരള വഴി നടത്തിയിട്ടുള്ള ട്രെയിനിങ് ഷിപ്പ് പ്രോഗ്രാമുകൾ, ഒരോന്നിനും ചെലവിട്ട തുക, പ്രോഗ്രാം ഡെലിവറി ചെയ്തവരുടെ വിവരം, ട്രെയിനിങ് അറ്റന്റ് ചെയ്തവരുടെ വിവരം എന്നിവ നൽകുക,

7. BITRIX എന്ന സോഫ്റ്റ്‌വേർ വാങ്ങുന്നതിനോ ഉപയോഗിക്കുന്നതിനോ നടത്തിയ കത്ത് ഇടപാടുകൾ, ടെണ്ടർ നടപടികൾ, അവലോകന റിപ്പോർട്ടുകൾ എന്നിവയുടെ പകർപ്പ്

8. കരാറോ ടേംസ് ഓഫ് റഫറൻസോ ഇല്ലാതെ ആർക്കൊക്കെ കെ ഡിസ്കിൽ നിന്നും തുക കൈമാറിയിട്ടുണ്ട്. ഐ.സി.ടി അക്കാദമിയും മറ്റു സ്ഥാപനങ്ങളും മുഖേന ആർക്കൊക്കെ തുക കൈമാറിയിട്ടുണ്ട് വിവരങ്ങൾ നൽകുക

9. ചെന്നൈയിലുള്ള ഐഡിയ റോക്കറ്റ് എന്ന സ്ഥാപനത്തിന് നേരിട്ടോ, ഐ.സി.ടി അക്കാദമി വഴി പ്രതിഫലം നൽകിയിട്ടുണ്ടോ വർഷം തിരിച്ച് വിവരം നൽകുക

10. കെ ഡിസ്കിൽ നിന്നും പ്രതിഫലം പറ്റുന്ന സ്ഥാപനം കെ ഡിസ്കിൽ ടേംസ് ഓഫ് റഫറൻസ് സൈൻ ചെയ്തിട്ടില്ലെങ്കിൽ ക്വാളിറ്റി ഓഫ് സർവീസ് എങ്ങനെയാണ് ഉറപ്പുവരുത്തുന്നത്.

വിശ്വസ്തതയോടെ
ബി.അജിത് രാജ്

24/12/2022
TVM

K-DISC

# കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

നം. 755/2022/കെ-ഡിസ്ക്

ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്
ഗവ. വിമൻസ് കോളേജ് റോഡ്
വഴുതക്കാട് തൈക്കാട്. പി.ഒ
തിരുവനന്തപുരം - 695 014.
തീയതി : 21/01/2023

പ്രേഷകൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ശ്രീ. ബി. അജിത് രാജ്
സ്റ്റാഫ് റിപ്പോർട്ടർ
മാതൃഭൂമി
തിരുവനന്തപുരം

സർ,

വിഷയം : വിവരാവകാശനിയമം - 2005 പ്രകാരം - ബി. അജിത് രാജ് 24.12.2022 നു സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന : താങ്കളുടെ 24.12.2022 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. 24.12.2022 ലെ അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ-ഡിസ്കിന്റെ മുന്നണി പ്രോജക്ടുകളിലൊന്നായ മഞ്ചാടിയുടെ പഠന പരിശീലന പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി Bitrix എന്ന ഓപ്പൺസോഴ്സ് പ്ലാറ്റ് ഫോം ഉപയോഗിച്ച് ഒരു രൂപകൽപ്പന തയ്യാറാക്കിയിരുന്നു. Pilot വികസനമാണ് ഇപ്പോൾ നടന്നിട്ടുള്ളത്. വികസനം പൂർത്തിയാക്കിയ സോഫ്റ്റ്‌വെയർ ഇതുവരെ കൈമാറി യിട്ടില്ല. ഇതിനായി ഒരു സോഫ്റ്റ്‌വെയറും കെഡിസ്ക് വാങ്ങിയിട്ടില്ല.

   ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി അഡ്വാൻസ് തുകയായി Rs.11,34,800/- ഐസിടി അക്കാഡമിക്ക് നൽകിയിട്ടുണ്ട്. ബാലൻസ് തുകയായ Rs. 45,39,200/- പ്രവർത്തന പുരോഗതി വിലയിരുത്തി അനുവദിക്കുന്നതാണ്.

2. കെ-ഡിസ്കിന്റെ മുന്നണി പ്രോജക്റ്റുകളിലൊന്നായ മഞ്ചാടിയുടെ പഠന പരിശീലന സാമഗ്രികൾ തുടർച്ചയായി രേഖപ്പെടുത്താനും ഇവ ഉപയോഗിച്ച് ക്ലാസ് മുറിയിൽ കുട്ടികൾ ഒറ്റയ്ക്കും കൂട്ടായും നടത്തുന്ന പ്രവർത്തനങ്ങളുടെ വിശകലനവും അവയുടെ പുരോഗതിയും തുടർച്ചയായി അവലോകനം ചെയ്യാനും അവ ദൃശ്യവൽക്കരിക്കാനുമുള്ള ചുമതല കെ-ഡിസ്കിന്റെ പങ്കാളിത്ത സ്ഥാപനമായ ഐസിടി അക്കാഡമിയെ ഏൽപ്പിക്കുകയുണ്ടായി.

   ഇതിന് Bitrix എന്ന ഓപ്പൺസോഴ്സ് പ്ലാറ്റ്ഫോം ഉപയോഗിച്ച് ഒരു രൂപകൽപന തയ്യാറാക്കുകയും കെ-ഡിസ്കിലെ അനിമേറ്റർമാർ, വോളന്റീർമാർ, കൺസൾട്ടന്റുമാർ, നാഷണൽ റിസോഴ്സ് ഗ്രൂപ്പ് എന്നിവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സോഫ്റ്റ്‌വെയറിന്റെ Pilot വികസനമാണ് ഇപ്പോൾ നടന്നിട്ടുള്ളത്. ഇതിനായി ഒരു സോഫ്റ്റ്‌വെയറും കെ-ഡിസ്ക് വാങ്ങിയിട്ടില്ല.

3. മെന്റർ മെന്റി പ്ലാറ്റ് ഫോമിനായി തുക അനുവദിച്ചിട്ടില്ല. Institutional Registration, Ideator Registration, Idea Registration, Evaluation. Facilitator Registration, Mentor Registration. Mentoring. Challenge Management എന്നീ ചുമതലകൾ നടപ്പിലാക്കാൻ ആവശ്യമായ സമഗ്രമായ IT പ്ലാറ്റ് ഫോം ആണ് ഐസിടി അക്കാഡമി മുഖേന വികസിപ്പിച്ചു വരുന്നത്.

4. കേരളത്തിൽ ജില്ലാതലത്തിൽ ഇന്നൊവേഷൻ വിവരവ്യൂഹം സൃഷ്ടിക്കുന്നതിന് ഈ പ്ലാറ്റ്ഫോം കാരണമായി. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| | YIP 2018 | YIP 2019 | YIP 2020 | YIP 2021 | YIP 2022 (Estimate) |
|---|---|---|---|---|---|
| Pre-Registration | 1320 | 3950 | 10112 | 102512 | 120000 |
| Teams Registered | 1320 | 1021 | 2826 | 13043 | 108000 |
| Idea Registration | 1320 | 1021 | 2846 | 9404 | 36000 |
| Mentor Registration | 78 | 84 | 108 | 170 | 200 |
| Domain Mentors | N/A | 86 | 115 | 170 | 200 |
| Domain Institutions | N/A | 11 | 45 | 59 | 65 |
| Institution Registration | N/A | 1143 | 1589 | 5974 | 7374 |
| Facilitator Registration | N/A | 1394 | 37937 | 19012 | 23468 |
| Mentor Mentee Interactions | N/A | 175 Team Interactions | 150 Team Interactions | Yet to Start | Yet to Start |
| District Level Winners | N/A | NA | 850 | Yet to Start | 4000 |
| State Level Winners | 204 | 370 | 338 | Yet to Start | 2000 |
| AIT Applicants | 55 | 299 | 175 | Yet to Start | 1000 |
| AIT Winners | 8 | 22 | 67 | Yet to Start | 250 |
| NIT Applicants | 61 | 109 | Yet to Start | Yet to Start | 1000 |
| NIT Winners | 14 | 21 | Yet to Start | Yet to Start | 250 |

71

5. ഈ രണ്ട് സോഫ്റ്റ്വെയറും വാങ്ങിയിട്ടില്ല. ഇവയുടെ രൂപകല്പന, മാതൃക നിർമ്മാണം, പോരായ്മ പരിശോധന, നിർവ്വഹണം, സംയോജനം എന്നിവയ്ക്ക് ആവശ്യമായ മാനവവിഭവശേഷി ലഭ്യമാക്കുന്നതിനുള്ള തുകയാണ് ഐ.സി.ടി അക്കാദമിക്ക് നൽകിയിട്ടുള്ളത്. ഈ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഉല്പന്ന നിർമ്മിതിയുടേയും മറ്റു പ്ലാറ്റ്ഫോമുകളുമായി കൂട്ടിച്ചേർക്കലും കുറ്റമറ്റ നിർവ്വഹണവും കോൺട്രാക്ട് വ്യവസ്ഥയുടെ ഭാഗമാണ്. ആയതിനാൽ ടെണ്ടർ നടപടികൾക്ക് പ്രസക്തിയില്ല. ഈ പ്രവർത്തനങ്ങളുടെ പുരോഗതി തുടർച്ചയായി വിലയിരുത്തി ആവശ്യമായ തുക അനുവദിക്കുന്നു.

6.

| Sl No | Project | Program | Participant Details | Location | Amount (INR) |
|---|---|---|---|---|---|
| 1 | YIP 2018 | Feedback Analysis and Group Assessment | 230 nos of participants of YIP 2018 | All over Kerala | ₹ 15,19,708 |
| 2 | YIP 2019 | Facilitators Training | 869 nos of participants of YIP 2019 | All over Kerala | ₹ 1,26,64,517 |
| 3 | YIP 2019 | Group Assessment | 324 nos of participants of YIP 2019 | All over Kerala | ₹ 9,63,900 |
| 4 | YIP 2019 | Boot Camp 1 | 302 nos of participants of YIP 2019 | All over Kerala | ₹ 18,56,400 |
| 5 | YIP 2019 | Boot Camp 2 | 310 nos of participants of YIP 2019 | All over Kerala | ₹ 27,37,000 |
| 6 | YIP 2019 | Boot Camp 3 | 129 nos of participants of YIP 2019 | All over Kerala | ₹ 10,94,800 |
| 7 | YIP 2020 | Boot Camp 1 | 2935 nos of participants of YIP 2020 | All over Kerala | ₹ 18,40,800 |
| 8 | YIP 2020 | Boot Camp 2 | 875 nos of participants of YIP 2020 | All over Kerala | ₹ 27,14,000 |
| 9 | ABCD 2018-19 | ABCD | For 1255 trainees of ABCD programme | All over Kerala | ₹ 1,77,70,604 |
| 10 | ABCD 2020 | ABCD | For 539 trainees of ABCD programme | All over Kerala | ₹ 33,32,000 |
| 11 | KDISC | Induction Program | For 22 Programme Executives of KDISC | ICFOSS, TVM | ₹ 6,85,175 |
| 12 | KDISC | Induction Program | For 15 Programme Executives of KDISC | Technopark, TVM | ₹ 1,29,594 |

ഐസിടി അക്കാഡമി ഏർപ്പെടുത്തിയ ട്രെയ്നർമാർ മുഖേനയാണ് ട്രെയ്നിംങ്ങുകൾ നടത്തിയിട്ടുള്ളത്.

7. BITRIX എന്ന സോഫ്റ്റ് വെയർ കെ-ഡിസ്ക് വാങ്ങിയിട്ടില്ല. ടീച്ചിങ് & ലേർണിംഗ് മാനേജ്മെൻറ് സിസ്റ്റം/ മാനേജ്മെൻറ് ഇൻഫോർമേഷൻ സിസ്റ്റം എന്നിവയുടെ Pilot വികസനമാണ് ഇപ്പോൾ നടന്നിട്ടുള്ളത്. ഇതിനായി ഐസിടി അക്കാദമി സമർപ്പിച്ച പ്രൊപ്പോസൽ, പ്രവർത്തന മേഖലയുടെ വിശദാംശങ്ങൾ മുതലായവ തെളിയിക്കുന്ന രേഖകൾ 5 പേജുകളിലായാണുള്ളത്, പേജ് ഒന്നിന് 3 രൂപാ നിരക്കിൽ 15 രൂപാ "0070-60-118-99-receipts under Right to Information Act 2005" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

8. ഐസിടി അക്കാദമി Demand Side Management, Training Partner , ICT Services എന്നീ മേഖലകളിൽ കെഡിസ്ക്കിന്റെ പാർട്ണർ സ്ഥാപനമാണ്. ഇതിന്റെ ഭാഗമായി YIP, KKEM എന്നീ പദ്ധതികളുടെ കാൾ സെന്റർ, ഐഡിയ റോക്കറ്റിന്റെ കൺസൾട്ടൻസി സേവനങ്ങൾ, Zappyhire Jobfair മൊഡ്യൂൾ എന്നിവയ്ക്ക് ആവശ്യമായ തുക ഐസിടി അക്കാദമി വഴി കൈമാറിയിട്ടുണ്ട്.

9. ഐഡിയ റോക്കറ്റ് എന്ന സ്ഥാപനത്തിന് ഐ.സി.ടി അക്കാദമി വഴി നൽകിയിട്ടുള്ള പ്രതിഫലം സംബന്ധിച്ച വിവരങ്ങൾ:

| Sl No | FY | Program | Amount (INR) |
|---|---|---|---|
| 1 | 2020-2021 | Program Management support including data analysis, platform specification design and social media management | ₹ 12,00,000 |
| 2 | 2021-2022 | Program Management support including strategy design, data analysis, platform specification, testing support, product management, social media management, whatsapp platform creation and management, course development and delivery coordination, Operational support on deliverables | ₹ 18,00,000 |
| 3 | 2021-2022 | Advertisement expenses - Reimbursed on actuals | ₹ 3,98,000 |
| 4 | 2022-2023 | Program Management support including strategy design, partner management, data analysis, YIP App product management, testing coordination, social media management, whatsapp platform management, course material development, delivery and coordination and support on deliverables | ₹ 24,00,000 |

10. ഐസിടി അക്കാദമി കെഡിസ്ക്കുമായി ചേർന്ന് വിവിധ കരാറുകൾ ഒപ്പുവെച്ചിട്ടുണ്ട്. ഈ കരാറുകളുടെ അടിസ്ഥാനത്തിൽ കെഡിസ്ക്കിനുവേണ്ടി മറ്റ്

അനുബന്ധ ഏജൻസികളുടെ ക്വാളിറ്റി ഓഫ് സർവീസ് ഐസിടി അക്കാദമി ഉറപ്പുവരുത്തുന്നു. ഐസിടി അക്കാഡമിയുടെ ഡെലിവറി അനുസരിച്ചാണ് പെയ്മെന്റ് അനുവദിക്കുന്നത്.

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ താഴെപറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**അപ്പീൽ അധികാരി:**

ഡോ. പി.വി. ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി
കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ
ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്, വിമൻസ് കോളേജ് റോഡ്, വഴുതക്കാട്
തിരുവനന്തപുരം - 695 014

വിശ്വസ്തതയോടെ,

സുരേഷ് കുമാർ. എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ